(സി) ദൗത്യങ്ങൾ ലക്ഷ്യപ്രാപ്തിയിൽ എത്തിക്കുവാൻ എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത് എന്ന് വിശദമാക്കുമോ ;

(ഡി) പ്രസ്തുത ദൗത്യങ്ങൾ സമയബന്ധിതമായി നടപ്പാക്കുവാൻ ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കാനുദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) മിഷൻ 676-ന്റെ ഭാഗമായി പ്രഖ്യാപിച്ചിട്ടുള്ള വികസന, ക്ഷേമ, സേവന ദൗത്യങ്ങൾ താഴെ അനുബന്ധമായി ചേർക്കുന്നു.*

(ബി) വിവിധ വകുപ്പുകളുടെ വികസന, ക്ഷേമ, സേവന പദ്ധതികൾ ജനങ്ങളിൽ മെച്ചപ്പെട്ട രീതിയിൽ സമയബന്ധിതമായി എത്തിക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം.

(സി&ഡി) മേൽ ദൗത്യത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികളുടെ നിർവ്വഹണ പുരോഗതി ബന്ധപ്പെട്ട വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയും വിലയിരുത്തുന്നതാണ്. സംസ്ഥാന ആസൂത്രണ ബോർഡ് വൈസ് ചെയർമാനും, ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയും ബന്ധപ്പെട്ട എല്ലാ വകുപ്പ് സെക്രട്ടറിമാരുമായും വിശദമായ ചർച്ച നടത്തി പദ്ധതികൾ പ്രാവർത്തികമാക്കാനുള്ള നിർദ്ദേശങ്ങളും ശുപാർശകളും നൽകുന്നതാണ്.

മിഷൻ 676 വഴി നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ

62 (1460) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മിഷൻ 676-ൽ ഉൾപ്പെടുത്തി വാർഷിക പദ്ധതി നിർവ്വഹണ നിരീക്ഷണത്തിന് പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം പദ്ധതികളാണ് മിഷൻ 676 വഴി നടപ്പാക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പദ്ധതികളെ സംബന്ധിച്ചുള്ള രൂപരേഖ തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മിഷൻ 676-ൽ ഉൾപ്പെടുത്തി വാർഷിക പദ്ധതി നിർവ്വഹണ നിരീക്ഷണത്തിന് പുതിയ പദ്ധതികൾ പ്രഖ്യാപിച്ചിട്ടില്ല. എന്നാൽ സംസ്ഥാന ആസൂത്രണ ബോർഡിന്റെ ഓൺലൈൻ പദ്ധതി നിരീക്ഷണത്തിന് നിലവിലുണ്ടായിരുന്ന സംവിധാനമായ "പ്ലാൻ സ്പേസ്" ജില്ലകളിലേക്ക് വ്യാപിപ്പിക്കുന്നതിന് മിഷൻ 676-ൽ പദ്ധതി ഉൾപ്പെടുത്തിയിരുന്നു. പ്ലാൻ സ്പേസ് ഉപയോഗിച്ച് പദ്ധതി നിർവ്വഹണത്തിൽ കൈവരിക്കുന്ന നേട്ടം എല്ലാ മാസവും വിലയിരുത്തുന്നുണ്ട്.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ബന്ധപ്പെട്ട വകുപ്പുകൾ പദ്ധതി രൂപരേഖ തയ്യാറാക്കിവരുന്നു.

(ഡി) മേൽ ദൗത്യത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികളുടെ നിർവ്വഹണ പുരോഗതി ബന്ധപ്പെട്ട മന്ത്രിയും മുഖ്യമന്ത്രിയും വിലയിരുത്തുന്നതാണ്. സംസ്ഥാന ആസൂത്രണ ബോർഡ് വൈസ് ചെയർമാനും, ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയും ബന്ധപ്പെട്ട എല്ലാ വകുപ്പ് സെക്രട്ടറിമാരുമായും വിശദമായ ചർച്ച നടത്തി പദ്ധതികൾ പ്രാവർത്തികമാക്കാനുള്ള നിർദ്ദേശങ്ങളും ശുപാർശയും നൽകുന്നതാണ്.

റവന്യൂ കമ്മി നികത്തുന്നതിന് സാമ്പത്തിക സഹായം

63 (1461) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടുത്ത മൂന്ന് സാമ്പത്തിക വർഷത്തേക്ക് സംസ്ഥാനത്തിന്റെ റവന്യൂ കമ്മി നികത്തുന്നതിന് സാമ്പത്തിക സഹായം നൽകാൻ കേന്ദ്ര ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഇതിന്റെ ഭാഗമായി പതിനാലാം ധനകാര്യ കമ്മീഷൻ എന്തെല്ലാം വ്യവസ്ഥകൾ ശിപാർശ ചെയ്തിട്ടുണ്ട് ; വിശദമാക്കാമോ ;

(സി) സാമ്പത്തിക സഹായം ലഭിക്കുന്നതിലേക്കുള്ള എല്ലാ നിബന്ധനയും സംസ്ഥാന സർക്കാർ അംഗീകരിച്ചിട്ടുണ്ടോ; നിബന്ധനകൾ വിശദമാക്കാമോ ;

(ഡി) ഇത് സംബന്ധമായി കേന്ദ്ര ഗവൺമെന്റിൽ നിന്നും ലഭിച്ച കത്തുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly